സംവാദം

അബ്ദുർറഹ്മാൻ കൊടിയത്തൂർ

# 'മുബാഹല'ക്കു ശേഷം രണ്ടു പതിറ്റാണ്ടുകൾ

**മുബാഹലക്കു ശേഷം ഇന്നുവരെ ഒരാൾ പോലും ഖാദിയാനിസത്തിൽ ചേർന്നിട്ടില്ലെന്ന് മാത്രമല്ല, ഖാദിയാനിസമുപേക്ഷിച്ച 25 പേരിൽ നിരവധി പ്രമുഖ വ്യക്തിത്വങ്ങളുമുണ്ട് എന്നതാണ് സത്യം.**

**ഇസ്‌ലാമിക** ചരിത്രത്തിലെ ആദ്യത്തേതെന്ന് വിശേഷിപ്പിക്കപ്പെട്ട മുബാഹല നടന്നിട്ട് ഇരുപത് വർഷങ്ങൾ കഴിഞ്ഞു. 1989 മെയ് 29ന് മുസ്‌ലിംകളും അഹ്മദിയാ ജമാഅത്തിലെ ഖാദിയാനീ വിഭാഗവും തമ്മിൽ നടന്ന ആത്മ ശാപ പ്രാർഥനക്ക് വേദിയായത് കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ആയിരുന്നു. മാധ്യമങ്ങൾ വമ്പിച്ച പ്രാധാന്യത്തോടെ ആ വാർത്ത മുൻപേജിൽ തന്നെ പ്രസിദ്ധീകരിച്ചു.

രണ്ടു പതിറ്റാണ്ടുകൾക്ക് ശേഷം തിരിഞ്ഞുനോക്കുമ്പോൾ, ഖാദിയാനികളുടെ പ്രചാരണതന്ത്രത്തിന്റെ ഭാഗമായി ലോക വ്യാപകമായി മുസ്‌ലിംകളോട് നടത്തിയ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് മുബാഹല നടന്ന ശേഷം, ആശയതലത്തിലും അംഗബലത്തിലും അധോഗതിയുടെയും പൂർണ പരാജയത്തിന്റെയും രണ്ടു ദശകങ്ങളാണ് ഖാദിയാനികൾക്ക് കഴിഞ്ഞുപോയതെന്ന് കാണാൻ കഴിയും.

ഒരു പരിഛേദമായി കേരളത്തിലെ ഏതെങ്കിലും ഖാദിയാനി പ്രദേശത്തെയോ മുബാഹല നടന്ന കൊടിയത്തൂരിനെയോ എടുത്തു പരിശോധിക്കുക. അതിനു മുമ്പ് രണ്ടു ദശകങ്ങളിൽ അവരുടെ വളർച്ച ദ്രുതഗതിയിലായിരുന്നെങ്കിൽ, ശാസ്ത്ര സാങ്കേതിക വളർച്ച ഉപയോഗപ്പെടുത്തി പ്രചാരണം നടത്തിയ പിൽക്കാലത്ത് ഖാദിയാനിസം തകർച്ചയിലേക്ക് കൂപ്പുകുത്തുകയായിരുന്നു. 1964 മുതൽ 1980 വരെയുള്ള കാലത്താണ് ഈ പ്രദേശത്ത് വളരെപ്പേർ ഇസ്‌ലാം ഉപേക്ഷിച്ച് ഖാദിയാനി മതത്തിൽ ചേക്കേറിയത്. എന്നാൽ മുബാഹലക്കു ശേഷം ഇന്നുവരെ ഒരാൾ പോലും അതിൽ ചേർന്നിട്ടില്ലെന്ന് മാത്രമല്ല, ഖാദിയാനിസമുപേക്ഷിച്ച 25 പേരിൽ നിരവധി പ്രമുഖ വ്യക്തിത്വങ്ങളുമുണ്ട് എന്നതാണ് സത്യം.

### എന്തിനായിരുന്നു മുബാഹല?

1984-ൽ പാകിസ്താനിൽ ജനറൽ സിയാഉൽ ഹഖിന്റെ ഭരണകാലത്ത്, അദ്ദേഹം ഒരു പ്രസിഡൻഷ്യൽ ഓർഡിനൻസിലൂടെ ഖാദിയാനി, ലാഹോരി വിഭാഗങ്ങളിൽ പെട്ട അഹ്മദികളെ, മുസ്‌ലിംകളുമായി ഇഴചേരുന്നത് തടയുന്നതിനായി ഇസ്‌ലാമിക ചിഹ്നങ്ങളും അതിന്റെ സങ്കേതങ്ങളും ദുരുപയോഗം ചെയ്യുന്നത് വിലക്കി. അതുമായി ബന്ധപ്പെട്ട് ചിലർക്കെതിരെ കേസെടുത്ത് ജയിലിലടക്കുക കൂടി ചെയ്തതോടെ ഖാദിയാനികളുടെ ഖലീഫ മിർസാ ത്വാഹിർ അഹ്മദ് പാകിസ്താനിൽനിന്ന് രക്ഷപ്പെട്ട് ബ്രിട്ടനിൽ അഭയം തേടി. തങ്ങളുടെ സംസ്കാരവും പാരമ്പര്യവുമുറങ്ങുന്ന, പ്രവാചകന്റെയും ആദ്യകാല നേതാക്കളുടെയും അന്ത്യവിശ്രമ സ്ഥലമായ തൊട്ടടുത്ത ഇന്ത്യയിലേക്ക് വരുന്നതിന് പകരം, പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളും സഹായികളുമായ ഇംഗ്ലീഷുകാരുടെ അടുത്തേക്ക് പോയത് ബോധപൂർവം തന്നെയായിരുന്നു. പ്രതീക്ഷിച്ച പോലെ ലോക മാധ്യമങ്ങളിൽ പാകിസ്താനിലെ അഹ്മദികൾ പീഡിപ്പിക്കപ്പെടുന്നുവെന്ന് പൊടിപ്പും തൊങ്ങലും വെച്ച് പ്രചരിപ്പിക്കാൻ അവർക്ക് പാശ്ചാത്യരുടെ സഹായം നിർലോഭം ലഭിച്ചു.

ഇംഗ്ലണ്ടിലെത്തിയതു മുതൽ ഖലീഫ, സിയാഉൽ ഹഖിനെയും അദ്ദേഹ

ത്തിന് പ്രചോദനമായിരുന്ന പാകിസ്താനിലെ ഉലമാക്കളെയും ഭർത്സിക്കാനും അവർക്കെതിരെ പ്രാർഥിക്കാനും തുടങ്ങിയിരുന്നു. 1988 ജൂൺ 10ന് ഖലീഫ തന്റെ ജുമുഅ ഖുത്വ്ബയിൽ ലോകതലത്തിൽ തന്നെ മുസ്‌ലിം പണ്ഡിതന്മാരെ 'സത്യാസത്യ വിവേചനത്തിനുള്ള ഒരു ദൈവികമാർഗം' എന്ന് പരിചയപ്പെടുത്തി മുബാഹലക്ക് വെല്ലുവിളിച്ചു. സ്വന്തം വിശ്വാസങ്ങൾ എടുത്തു പറഞ്ഞുകൊണ്ട് 'അത് കളവാണെങ്കിൽ അല്ലാഹുവിന്റെ ശാപം തങ്ങളിലുണ്ടാവട്ടെ' എന്ന് ഭാര്യമാരും കുട്ടികളുമടങ്ങുന്ന ഒരു സദസ്സിൽ വെച്ച് രണ്ട് കക്ഷികളും ചേർന്ന് പ്രാർഥിക്കുന്നതിനാണ് മുബാഹല എന്ന് പറയുന്നത്.

പ്രവാചകന്റെ കാലത്ത് നജ്റാനിൽനിന്ന് വന്ന ക്രിസ്ത്യൻ പാതിരിമാരുമായി യേശുവിന്റെ ദിവ്യത്വത്തെ പറ്റി നടത്തിയ ചർച്ചകൾക്കൊടുവിൽ സത്യം ഗ്രഹിച്ചിട്ടും തങ്ങളുടെ നേതൃത്വവും പ്രതാപവും നഷ്ടപ്പെടുമെന്ന് ഭയന്ന് അത് സ്വീകരിക്കാതിരുന്ന പാതിരിമാരോട് പ്രവാചകൻ മുബാഹല നടത്താനാവശ്യപ്പെട്ടുവെന്നാണ് ചരിത്രം. എന്നാൽ അവർ നേരം പുലരും മുമ്പെ, യാത്ര പോലും ചോദിക്കാതെ നാട്ടിലേക്ക് തിരിക്കുകയാണ് ചെയ്തത്.

### പ്രചണ്ഡമായ പ്രചാരണം

ചരിത്രത്തിലെങ്ങും ഇതിന് മുമ്പോ പിമ്പോ മുബാഹല നടന്നതായി പരാമർശമില്ല. 1988 ജൂൺ 10ലെ ഖാദിയാനി ഖലീഫയുടെ ആഹ്വാനം ശ്രദ്ധിക്കപ്പെടാതെ പോയെങ്കിലും, അതേ വർഷം ആഗസ്റ്റ് 17ന് സിയാഉൽ ഹഖ് ഒരു വിമാനാപകടത്തിൽ കൊല്ലപ്പെട്ടതോടെ, അത് തന്റെ മുബാഹലയുടെ ഫലമാണെന്ന് കൊട്ടിഘോഷിച്ചുകൊണ്ട് ഖലീഫയും അനുയായികളും പ്രചണ്ഡമായ പ്രചാരണം നടത്തി. മുബാഹല സ്വീകരിച്ചുകൊണ്ട് പ്രാർഥനയിൽ പങ്കുചേരേണ്ടവരുടെ ലിസ്റ്റ് അന്ന് പ്രഖ്യാപിച്ചിരുന്നില്ലെങ്കിലും പലപ്പോഴും പേരെടുത്തു പറഞ്ഞ് ശാപപ്രാർഥന നടത്തിയിരുന്ന കൂട്ടത്തിൽ സിയാഉൽ ഹഖും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടെ മുബാഹലക്ക് വൻ പ്രചാരണമാണ് ഖാദിയാനികളും ഇസ്‌ലാമിന്റെ ശത്രുക്കളും നൽകിയത്. തനിക്ക് ലഭിച്ച ദൈവിക വെളിപാടുകളനുസരിച്ചാണ് താൻ മുബാഹലാ വെല്ലുവിളി നടത്തിയതെന്ന് ഖലീഫ തട്ടിവിട്ടു. അതോടെ അതൊരു ആത്മീയ, സത്യാന്വേഷണ പരിപാടിയായി അവതരിപ്പിക്കപ്പെട്ടു.

കേരളത്തിൽ ഖാദിയാനിസത്തിനെതിരിൽ പ്രസംഗങ്ങളും പുസ്തക പ്രസിദ്ധീകരണങ്ങളുമായി പ്രവർത്തിക്കുന്ന അൻജുമൻ ഇശാഅത്തെ ഇസ്‌ലാമി എന്ന മുസ്‌ലിം സർവകക്ഷി പ്രാതിനിധ്യമുള്ള സംഘടന ഖലീഫക്കെഴുതി, 'താങ്കൾ നേരിട്ടോ പ്രതിനിധികളെ അയച്ചോ മുബാഹല നടത്താൻ തയാറാണെങ്കിൽ ഞങ്ങൾ ഒരുക്കമാണ്' എന്ന്. എന്നാൽ അതിന് ഖലീഫ അയച്ച മറുപടി 'നിങ്ങളെ മുബാഹലയുടെ വരുതിയിൽ ഉൾപ്പെടുത്തിയിരിക്കെ നാശം കാത്തിരിക്കുക' എന്നായിരുന്നു.

ലഘുലേഖകളിലൂടെയും പത്രക്കുറിപ്പിലൂടെയും അൻജുമൻ ഇശാഅത്തെ ഇസ്‌ലാം തങ്ങളുടെ നിലപാട് വ്യക്തമാക്കി. കേരളത്തിലെ ഖാദിയാനി അമീറും മുബാഹലാ വെല്ലുവിളി മലയാളത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത സിദ്ദീഖ് അമീറലി 1989 ജനുവരി 10ന് ആകസ്മികമായി മരണപ്പെട്ടപ്പോൾ, അതുവരെ മുസ്‌ലിം പണ്ഡിതന്മാരുടെയും നേതാക്കളുടെയും മരണങ്ങളെ തങ്ങളുടെ മുബാഹലക്കണക്കിൽ വരവ് ചേർത്തിരുന്നവർ കണ്ണുമിഴിച്ചു. ഖാദിയാനീ മുഖപത്രങ്ങളിലെ അത്തരം അവകാശവാദങ്ങൾ താൽക്കാലികമായി നിർത്തിവെച്ചു. എങ്കിലും കേരളത്തിലെ പ്രവർത്തനം സ്തംഭിക്കുമെന്ന് ഭയന്ന ഖാദിയാനീ നേതൃത്വം ഖലീഫയിൽ സമ്മർദം ചെലുത്തിയപ്പോൾ അദ്ദേഹത്തെ പ്രതിനിധീകരിച്ച് മുഖാമുഖ മുബാഹലക്ക് സമ്മതം ലഭിച്ചു.

### മുബാഹല അരങ്ങേറുന്നു

1989 മെയ് 29ന് ചരിത്ര പ്രസിദ്ധമായ മുബാഹല അരങ്ങേറി. ഓരോ വിഭാഗത്തിലും സ്ത്രീകളും കുട്ടികളുമുൾപ്പെടെ 40 പേർ വീതം പങ്കെടുത്തു. മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്നും മിർസാ ഗുലാം അഹ്മദ് ഖാദിയാനി വ്യാജവാദിയാണെന്നും അദ്ദേഹത്തെ നിഷേധിക്കുന്നത് കുഫ്റിന് നിമിത്തമാവില്ലെന്നുമുള്ള വിശ്വാസം പ്രഖ്യാപിച്ചശേഷം, ഇക്കാര്യത്തിൽ ഞങ്ങൾ കളവ് പറയുന്നുവെങ്കിൽ അല്ലാഹുവേ നിന്റെ ശാപം വർഷിക്കുമാറാകട്ടെ, 'ലഅ്നതുല്ലാഹി അലൽ കാദിബീൻ' എന്നായിരുന്നു മുസ്‌ലിം വിഭാഗത്തിന്റെ പ്രാർഥന. മറുവശത്ത് മുഹമ്മദ് നബിക്ക് ശേഷം പ്രവാചകന്മാർ വരുന്നുവെന്നും മിർസാ ഖാദിയാനി നബിയാണെന്നും അദ്ദേഹത്തെ അവിശ്വസിക്കുന്നവർ കാഫിറുകളും നരകാവകാശികളുമാ

**ആറു മാസം കൂടി പിടിച്ചുനിൽക്കാൻ ശ്രമിച്ചു. എന്നാൽ സ്വയം സമാധാനിക്കാൻ പോലുമാകാതെ സംസ്ഥാന അമീറും ചീഫ് മിഷ്യനറിയും ലണ്ടനിലെ ഖലീഫക്കെഴുതി, 'ശത്രുക്കൾ ചത്തൊടുങ്ങിയിട്ടില്ലല്ലോ?' എന്ന്.**

ണെന്നും പ്രഖ്യാപിച്ച ഖാദിയാനി വിഭാഗം പ്രാർഥിച്ചു: 'ഞങ്ങൾ പറയുന്നത് കളവാണെങ്കിൽ കഠോര ശിക്ഷ നൽകേണമേ' എന്ന്. ഖുർആനിലെ പ്രാർഥനാ വാക്യം ഉച്ചരിക്കാൻ അവർ എന്തുകൊണ്ടോ തയാറായില്ല.

മുബാഹലയുടെ ഫലം കാലാവധിക്കകം അസത്യപക്ഷത്തിന്റെ ശാരീരിക ഉന്മൂലനമായിരിക്കുമെന്ന് ഖലീഫയുടെ വെളിപാടനുസരിച്ച് ഖാദിയാനീ നേതൃത്വം ലഘുലേഖകളിൽ വ്യക്തമാക്കി. എന്നാൽ പ്രവാചകൻ മുഹമ്മദ്(സ)ന്റെ അനുയായികളിൽ പ്രത്യക്ഷ ദൃഷ്ടാന്തമുണ്ടാവില്ലെന്ന് ഖുർആന്റെയും നബിചര്യയുടെയും വെളിച്ചത്തിൽ ഇശാഅത്തുകാർ വിശദീകരിച്ചു. അതുകൊണ്ടുതന്നെ മുബാഹല നടത്തി സത്യാസത്യ വിവേചനത്തിന് നാം കൽപിക്കപ്പെട്ടിട്ടുമില്ല. ഖാദിയാനികളുടെ വെല്ലുവിളി സ്വീകരിക്കുക മാത്രമാണ്, പണ്ഡിതന്മാരുടെ അനുമതിയോടെ ഇശാഅത്തുകാർ ചെയ്തത്.

കാലാവധി ആറു മാസമായിരുന്നു നിശ്ചയിച്ചത്. കാലാവധി അവസാനിച്ചിട്ടും പ്രത്യക്ഷത്തിൽ ഒന്നും സംഭവിക്കാതിരുന്നപ്പോൾ ഖാദിയാനികൾ അനുയായികളെ ആശ്വസിപ്പിക്കാൻ പാടുപെട്ടു. കാലാവധി ഒരു കൊല്ലമാണെന്നും ആറു മാസം അവരുടെ നിർബന്ധത്തിന് വഴങ്ങി സമ്മതിച്ചതാണെന്നും ന്യായം പറഞ്ഞു. ആറു മാസം കൂടി പിടിച്ചുനിൽക്കാൻ ശ്രമിച്ചു. എന്നാൽ സ്വയം സമാധാനിക്കാൻ പോലുമാകാതെ സംസ്ഥാന അമീറും ചീഫ് മിഷ്യനറിയും ലണ്ടനിലെ ഖലീഫക്കെഴുതി, 'ശത്രുക്കൾ ചത്തൊടുങ്ങിയിട്ടില്ലല്ലോ?' എന്ന്.

ഖലീഫ ഒരു ജുമുഅ ഖുത്വ്ബയിൽ കൊടിയത്തൂർ മുബാഹലയെ പറ്റി വിശ

ദീകരിച്ചതിങ്ങനെ: "ഏറെക്കാലമായി ശത്രുത കാണിക്കുകയും നിന്ദ്യമായി ചീത്ത പറയുകയും ചെയ്ത ഒരു വിഭാഗവുമായി നടന്ന മുബാഹലയുടെ ഫലമെന്തെന്ന് നമ്മുടെ ആളുകൾ ചോദിക്കുന്നു. ആർക്കും കാണാവുന്നവിധത്തിൽ ദൃഷ്ടാന്തങ്ങൾ കേരളത്തിൽ സംഭവിച്ചത് ഇവർക്കെന്തേ കാണാനായില്ല? ശത്രുപക്ഷത്തെ മൂന്ന് പ്രമുഖർ ഇക്കാലയളവിൽ അഹ്മദികളായി. ആ ശത്രുക്കൾ മുബാഹല നടത്തിയ അഹ്മദീ നേതാക്കൾ കാലാവധിക്കുള്ളിൽ മരിച്ചുവെന്ന ലോകാടിസ്ഥാനത്തിൽതന്നെ കള്ളം പ്രചരിപ്പിച്ചു. ഇനിയും എന്ത് അടയാളമാണ് ഇവർ കാത്തിരിക്കുന്നത്?"

അതാണ് ദൃഷ്ടാന്തം. കേരളത്തിലെ മൂന്ന് പേർ ഒരു വർഷത്തിൽ ഖാദിയാനികളായത്രെ! അതിലൊരാളെ തട്ടിക്കൊണ്ടുപോയി തടവിൽ പാർപ്പിച്ച് മസ്തിഷ്ക പ്രക്ഷാളനം ചെയ്തു നോക്കിയെന്നും അല്ലാഹുവിൽനിന്ന് വഹ്‌യ് ലഭിക്കുന്നുവെന്ന് വാദിക്കുന്ന ഖലീഫ തട്ടിവിട്ടു. രണ്ടാമത്തെ സംഗതി പാകിസ്താനിലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. കേരളത്തിൽ മുബാഹലാഹ്വാനം ചെയ്ത അമീർ മരിച്ചുവെന്ന്! അതാകട്ടെ നൂറു ശതമാനം ശരിയുമായിരുന്നു. സിദ്ദീഖ് അമീറലിയുടെ മരണം. പക്ഷേ ഈ മുബാഹലയുടെ റിപ്പോർട്ടിൽ അക്കാര്യം പറഞ്ഞപ്പോൾ അവ്യക്തതയുണ്ടായി എന്നു മാത്രം.

## മുബാഹലയുടെ ഫലം

എന്നാൽ അഹ്മദീ യുവാക്കൾ നേതൃത്വത്തിന്റെ മറുപടിയിൽ തൃപ്തരായില്ല. കൊടിയത്തൂരിൽ മാത്രം 3 പേർ അന്നുതന്നെ ഖാദിയാനിസം വിട്ടു. പിന്നെ പലവട്ടം ചർച്ചകൾ നടത്തി. നിരവധി പേർ ഖാദിയാനിസം ഉപേക്ഷിച്ചുവെന്നത് കൊടിയത്തൂരിൽ അന്വേഷിച്ചാലറിയാം. എന്നാൽ അതിനേക്കാൾ മഹത്തായ വിജയം ഖലീഫയുടെ വഹ്‌യ് വാദം അസത്യമാണെന്നു തെളിഞ്ഞുവെന്നതാണ്. പലതവണ ആവർത്തിച്ചു പറഞ്ഞ കാര്യമാണ്, മുബാഹലാ വെല്ലുവിളിയും അതിന്റെ ഫലമെന്താവുമെന്ന പ്രഖ്യാപനവും ദൈവിക നിർദേശപ്രകാരമായിരുന്നുവെന്ന്. മറ്റൊന്ന്, ഖാദിയാനികളുടെ ഏക അറബി മുഖപത്രമായ *അന്നഖ്‌വ*യുടെ എഡിറ്ററും അറബിക് ദഅ്‌വാ ഡെസ്കിന്റെ തലവനുമായ ഹസൻ മഹ്മൂദ് ഔദയും കുടുംബത്തിലെ 20 പേരും ഈ മുഖാമുഖ മുബാഹലയുടെ പരിണതി കണ്ടപ്പോൾ ഖാദിയാനിസം വിട്ടുവെന്നതാണ്. അദ്ദേഹം അക്കാര്യം വ്യക്തമായി എഴുതുകയുണ്ടായി. തൊട്ടതിനൊക്കെ മുബാഹലക്ക് വെല്ലുവിളിച്ചിരുന്ന ഖലീഫയും നേതാക്കളും ആ പരിപാടി നിർത്തിയെന്നതാണ് കൂടുതൽ മഹത്തായ വിജയം. എന്നാൽ ഖാദിയാനികൾ ഈ മുബാഹല വമ്പിച്ച വിജയമായിരുന്നുവെന്ന് അന്തർദേശീയതലത്തിൽ പ്രചരിപ്പിക്കുന്നുവെന്ന് മനസ്സിലായത് കൊൽക്കത്തയിൽ ചെന്നപ്പോഴാണ്. കേരളത്തിൽനിന്നാണെന്ന് വെളിപ്പെടുത്താതെ, കൂടെയുണ്ടായിരുന്ന മൈസൂർ സ്വദേശി ഹാഫിസ് അബ്ദുൽ മജീദ് മൈസൂരിൽനിന്നാണെന്ന് പരിചയപ്പെടുത്തി. മുബാഹലയെ പറ്റി സംസാരിക്കവെ, കേരളത്തിൽനിന്ന് ഒരു ലക്ഷത്തോളം ആളുകൾ അതിനു ശേഷം അഹ്മദികളായിട്ടുണ്ടെന്ന് അമീർ പറഞ്ഞു. എന്നാൽ പെരുങ്കള്ളം പൊളിക്കാൻ അപ്പോൾതന്നെ അല്ലാഹുവിന്റെ സഹായം ലഭിച്ചു. മേശപ്പുറത്തുണ്ടായിരുന്ന 'കൊടിയത്തൂർ മുബാഹല' എന്ന ഖലീഫയുടെ ലണ്ടൻ ഖുത്‌ബ പ്രസിദ്ധീകരിച്ച കൊച്ചു പുസ്തകത്തിൽ, മൂന്നു പേർ ബൈഅത്ത് ചെയ്ത മുബാഹല പ്രഖ്യാപനം കാണിച്ചുകൊടുത്തതോടെ അവരുടെ മുഖം വിവർണമായി. അവർ ഒച്ചയിടാനും ശകാരിക്കാനും തുടങ്ങി.

മുബാഹലയുടെ പ്രാധാന്യം ഒരിക്കൽ കൂടി മനസ്സിലായത് രണ്ടു മാസം മുമ്പ് ഖാദിയാൻ സന്ദർശിച്ചപ്പോഴാണ്. ചോദ്യം ചെയ്യപ്പെടാതെ സ്വർഗത്തിലേക്കെത്തിക്കുന്ന ഒരു ശ്മശാനമുണ്ട് അവിടെ! ബഹശ്തീ മഖ്ബറയിൽ സംസ്കരിക്കപ്പെടാൻ സ്വത്തിന്റെ പത്തു ശതമാനവും സ്ഥലത്തിന്റെ വിലയും (സ്വർഗത്തിലെ ആറടി മണ്ണിന്റെ വില!) നൽകണം. എന്നാൽതന്നെ ദൂരദിക്കുകളിൽനിന്ന് മൃതദേഹം കൊണ്ടുവരാനനുവദിക്കാതെ, അവരുടെ പേരും അഡ്രസ്സും കൊത്തിവെച്ച മീസാൻ കല്ലുകൾ സ്ഥാപിക്കുക മാത്രമാണ് ചെയ്യുക. വേണമെങ്കിൽ മരിച്ചയാളുടെ 'തിരുശേഷിപ്പു'കൾ വർഷങ്ങൾക്ക് ശേഷം മാന്തിയെടുത്ത് മീസാൻ കല്ലിനരികെ കുഴിച്ചിടാവുന്നതാണ്. അത്തരം മീസാൻ കല്ലുകളുടെ നീണ്ടനിര ചെറിയ മതിൽ പോലെ ഇവിടെ കാണാം. എന്നാൽ കൊടിയത്തൂർ മുബാഹലക്ക് നേതൃത്വം നൽകിയ മൗലവി അബുൽ വഫയുടെ പൂർണ മൃതദേഹം അന്നുതന്നെ ഖാദിയാനിലെത്തിക്കുകയും സ്റ്റേറ്റ് ബഹുമതികളോടെ സംസ്കരിക്കുകയും ചെയ്തു. മുബാഹലക്ക് നേതൃത്വം കൊടുത്ത മൗലാനയെന്ന് മീസാൻ കല്ലിൽ കൊത്തിവെച്ചത് കാണിച്ചുതന്ന ഗൈഡ്, മറ്റാർക്കും ലഭിക്കാത്ത ബഹുമതിയാണെന്ന് അഭിമാനപൂർവം പറയുകയും ചെയ്തു.

> **തൊട്ടതിനൊക്കെ മുബാഹലക്ക് വെല്ലുവിളിച്ചിരുന്ന ഖലീഫയും നേതാക്കളും ആ പരിപാടി നിർത്തിയെന്നതാണ് കൂടുതൽ മഹത്തായ വിജയം**

ഇപ്പോൾ രണ്ട് ദശകങ്ങൾക്കു ശേഷം വിലയിരുത്തുമ്പോൾ, അന്ന് മുബാഹലയിൽ പങ്കെടുത്ത പ്രതിയോഗികളിൽ കുറെ പേർ ഇഹലോകവാസം വെടിഞ്ഞിട്ടുണ്ട്. ഒരാളെങ്കിലും മറുപക്ഷത്തുനിന്ന് മരിച്ചിരുന്നെങ്കിൽ അത് മുബാഹലയുടെ വിജയമായി കൊട്ടിഘോഷിക്കുമായിരുന്നു അവർ. എന്നുവെച്ച് ഇവർ ചിരഞ്ജീവികളാണെന്ന് പറയുകയല്ല, ഖാദിയാനി പ്രചാരണത്തിന്റെ സ്വഭാവം വ്യക്തമാക്കുക മാത്രമാണ്. ■